**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2912** **07-10-2025 - ൽ മറുപടിയ്ക്ക്**

**ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ജീവനക്കാരുടെ ക്ഷാമം പരിഹരിക്കാൻ നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു പട്ടികജാതി വികസന ഓഫീസർ തസ്തിക മാത്രമുള്ള ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ഓഫീസ് പ്രവർത്തനം സുഗമമായി നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ പഠനം നടത്തി സമർപ്പിച്ച പ്രവർത്തി പഠന റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള ആകെ എത്ര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളാണ് നിലവിലുള്ളത് എന്നറിയിക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിൽ ഒരു പട്ടികജാതി വികസന ഓഫീസർ തസ്തിക മാത്രമുള്ള 48 ബ്ലോക്ക് / നഗരസഭ പട്ടികജാതി വികസന ഓഫീസുകൾ നിലവിലുണ്ട്. |
| (സി) | പ്രസ്തുത ഓഫീസുകളിൽ ക്ലാർക്ക്/ഓഫീസ് അറ്റൻഡന്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനോ വകുപ്പിലെ പ്രസ്തുത തസ്തികകൾ അധികമുള്ള ഓഫീസുകളിൽനിന്നും ജീവനക്കാരെ മേൽ സൂചിപ്പിച്ച ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുന്നതിനോ നടപടികൾ സ്വീകരിക്കാമോ? | (സി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവർത്തി പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, പട്ടികജാതി വികസന വകുപ്പിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും, തസ്തികകൾ പുനർവിന്യാസം നടത്തുന്നതിനുമുള്ള പ്രപ്പോസൽ ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ